(ബി) ഉണ്ടെങ്കിൽ ശുചീകരണ പ്രവർത്തനങ്ങൾക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കും ആവശ്യമായ ജീവൻരക്ഷാ മരുന്നുകളും സ്റ്റാഫും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പാരാമെഡിക്കൽ വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ അടിയന്തരമായി നികത്താൻ നടപടി കൈക്കൊള്ളുമോ ;

(ഡി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുവാൻ പ്രൈമറി ഹെൽത്ത് സെന്റർ തലത്തിൽ സന്നദ്ധ സംഘടനകളുടെ സേവനം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ചില ഒറ്റപ്പെട്ട സന്ദർഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) നടപടി കൈക്കൊണ്ടിട്ടുണ്ട്. ആവശ്യകത അനുസരിച്ച് അതാതു ജില്ലകളിൽ ജീവ്നക്കാരുടെ സേവനം ലഭ്യമാക്കുവാൻ എല്ലാ മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) മേൽ സ്വീകരിച്ച നടപടി കാരണം ഇപ്പോൾ പ്രതിസന്ധി ഉള്ളതായി കാണുന്നില്ല.

പ്രൈമറി ഹെൽത്ത് സെന്ററുകളിലെ പാർട്ട് ടൈം ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കാൻ നടപടി

154 (3108) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെന്ററുകളിലെ പാർട്ട് ടൈം ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ വിഭാഗം ജീവനക്കാർക്ക് ശമ്പളം നല്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പ്രശ്നം എത്രയും വേഗം പരിഹരിച്ച് ജീവനക്കാർക്ക് ശമ്പളം നല്കാൻ സർക്കാർ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഗ്രാമപഞ്ചായത്ത് നിയമിക്കുന്ന പാർട്ട് ടൈം ജീവനക്കാർക്ക് ശമ്പളം നല്കുന്നത് പഞ്ചായത്ത് ഫണ്ടിൽ നിന്നാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ചാണ് ശമ്പളം നല്കുന്നത്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly